നമ്പർ: സി-1242/2018

## തൊഴിൽ തർക്കപരിഹാര ഉടമ്പടി

ഹാജരായവർ

I. തൊഴിലുടമ പ്രതിനിധികൾ

1. അഡ്വ: ജോൺ.സി.നോബിൾ, ജനറൽ സെക്രട്ടറി, ജില്ലാ റസിഡന്റ്സ് അപ്പക്സ് കമ്മറ്റി, കോട്ടയം.
2. പി.ഐ.മാണി, വൈസ് പ്രസിഡന്റ്.
3. കെ.എം.രാധാകൃഷ്ണപിള്ള, ജില്ലാ പ്രസിഡന്റ് റസിഡന്റ് അസോസിയേഷൻ അപ്പക്സ് കൗൺസിൽ, കോട്ടയം.
4. ഓ.സി.ചാക്കോ, ജില്ലാ ട്രഷറർ, അപ്പക്സ് കൗൺസിൽ, കോട്ടയം.

II. തൊഴിലാളി പ്രതിനിധികൾ

5. എം.എച്ച് സലിം, സി.ഐ.റ്റി.യു, ജില്ലാ ജോയിന്റ് സെക്രട്ടറി, കോട്ടയം.
6. ബി.രാമചന്ദ്രൻ, എ.ഐ.റ്റി.യു.സി, ജില്ലാ അസിസ്റ്റന്റ് സെക്രട്ടറി, കോട്ടയം.
7. ഫിലിപ്പ് ജോസഫ്, ഐ.എൻ.റ്റി.യു.സി, ജില്ലാ പ്രസിഡന്റ് കോട്ടയം.

## തൊഴിൽ തർക്ക സംഗ്രഹം

കോട്ടയം ജില്ലയിലെ ഗാർഹിക മേഖലയിൽ ചുമട്ടുതൊഴിലാളികളുടെ കൂലി നിരക്കുകളുടെ കാലാവധി 2016 ഡിസംബർ 31-ന് അവസാനിച്ചിട്ടുള്ളതായും കൂലി നിരക്കുകൾ അടിയന്തിരമായി പുതുക്കി നിശ്ചയിക്കണമെന്നും ബന്ധപ്പെട്ട ട്രേഡ് യൂണിയനുകൾ കോട്ടയം ജില്ലാ ലേബർ ഓഫീസറോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിൽ ഇരു വിഭാഗം കക്ഷികളുമായി നടത്തിയ നിരവധി ചർച്ചകൾക്കൊടുവിൽ ഇന്നേ ദിവസം നടന്ന ചർച്ചയിൽ തർക്കം താഴെ പറയുന്ന വ്യവസ്ഥകളോടെ രമ്യമായി പരിഹരിച്ചിരിക്കുന്നു.

## ഒത്തുതീർപ്പു വ്യവസ്ഥകൾ

1. കോട്ടയം ജില്ലയിൽ വീട്ടുപകരണങ്ങൾ ഓഫീസ് ഉപകരണങ്ങൾ എന്നിവ കയറ്റിറക്ക് നടത്തുന്നിനുള്ള കോട്ടയം ജില്ലാ ലേബർ ഓഫീസറുടെ 26.12.2014 ലെ സി-6120/12 നമ്പർ ഉത്തരവിലെ കൂലി നിരക്കിൽ നിന്നും 25% വർദ്ധനവ് നൽകുന്നതിന് തീരുമാനിച്ചു. പുതുക്കിയ നിരക്കുകൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.
2. മേൽ കൂലി നിരക്കിന് 2018 മെയ് മാസം ഒന്നു മുതൽ 2020 ഏപ്രിൽ മാസം 30 വരെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.
3. ഗാർഹിക മേഖലയുമായി ബന്ധപ്പെട്ട സാധനങ്ങൾ വീട്ടുടമയ്ക്ക് സ്വന്തമായോ സ്വന്തം തൊഴിലാളിയെ ഉപയോഗിച്ചോ കയറ്റിറക്ക് നടത്തുന്നതിന് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

4. മേൽ കൂലി നിരക്കുകൾ കേരള ചുമട്ടുതൊഴിലാളി ക്ഷേമപദ്ധതിയിൻ കീഴിലുള്ള ചുമട്ടു തൊഴിലാളികളുടെ സേവനം വിനിയോഗിക്കുന്ന പക്ഷം 27% ലെവി അടക്കമുള്ളതാണ്.

5. സാധനങ്ങൾ കയറ്റുന്നതിനും ഇറക്കുന്നതിനും ഒരേ കൂലി തന്നെയായിരിക്കും.

6. 15 മീറ്റർ (50 അടി) വരെ ദൂരത്തിൻമേൽ സാധനം എത്തിക്കുന്നതിനാണ് മേൽ നിരക്കുകകൾ. കൂടുതലായി വരുന്ന ഓരോ 15 മീറ്റർ ദൂരത്തിനും 20% അധിക കൂലി നൽകേണ്ടതാണ്. ലിഫ്റ്റിന്റെ സഹായമില്ലാതെ മുകൾ നിലയിലേക്ക് സാധനങ്ങൾ എത്തിക്കുന്നതിന് മൂന്നാം നില വരെ 20%-ം നാലാം നില മുതൽ മുകളിലേക്ക് 35% -ം അധിക കൂലി നൽകണം.

7. തൊഴിലാളികൾ അംഗീകൃത നിരക്കിൽ കൂടുതൽ കൂലി വാങ്ങുന്നതും ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങുന്നതും ശിക്ഷാർഹമാണ്.

8. മേൽ കൂലി നിരക്കുകൾ കോട്ടയം ജില്ലയിൽ മുഴുവൻ ബാധകമാണ്.

9. മേൽ തീരുമാനങ്ങൾ ഇരു കക്ഷികളും അംഗീകരിച്ചിരിക്കുന്നു.

ഇന്നേ ദിവസം 2018 മേയ് മാസം 03-ാം തീയതി.

**കക്ഷികളുടെ ഒപ്പ്:**

ഒന്നു മുതൽ ഏഴ് വരെ കക്ഷികൾ ഒപ്പ്

(ഒപ്പ്)
ജില്ലാ ലേബർ ഓഫീസർ, കോട്ടയം
(കൺസീലിയേഷൻ ഓഫീസർ)

// ശരിപ്പകർപ്പ് //

ജില്ലാ ലേബർ ഓഫീസർ, കോട്ടയം
(കൺസീലിയേഷൻ ഓഫീസർ)

MJ

| | കൂലി നിരക്കുകൾ | |
|---|---|---|
| നം | ഇനം | കയറ്റു കൂലി / ഇറക്കു കൂലി |
| 1 | സ്റ്റീൽ അലമാര (വലുത്) | 82.5 |
| 2 | സ്റ്റീൽ അലമാര (ചെറുത്) | 66.25 |
| 3 | തടി അലമാര (വലുത് | 100 |
| 4 | തടി അലമാര (ചെറുത്) | 82.5 |
| 5 | എക്സിക്യൂട്ടിവ് മേശ (വലുത്) | 100 |
| 6 | എക്സിക്യൂട്ടിവ് മേശ (ചെറുത്) | 66.25 |
| 7 | ടൈപ്പിസ്റ്റ് മേശ | 66.25 |
| 8 | കോൺഫറൻസ് ടേബിൾ | 165 |
| 9 | സ്റ്റീൽ മേശ | 66.25 |
| 10 | തടി മേശ | 66.25 |
| 11 | എക്സിക്യൂട്ടിവ് ചെയർ | 26.25 |
| 12 | സ്റ്റീൽ കസേര (കയ്യുള്ളത്) | 8.75 |
| 13 | സ്റ്റീൽ കസേര (കയ്യില്ലാത്തത്) | 7.5 |
| 14 | തടി കസേര (കയ്യുള്ളത്) | 8.75 |
| 15 | തടി കസേര (കയ്യില്ലാത്തത്) | 7.5 |
| 16 | പ്ലാസ്റ്റിക് കസേര (കയ്യുള്ളത്) | 2.87 |
| 17 | പ്ലാസ്റ്റിക് കസേര (കയ്യില്ലാത്തത്) | 1.37 |
| 18 | സ്റ്റീൽ റാക്ക് (ചെറുത്) | 50 |
| 19 | സ്റ്റീൽ റാക്ക് (വലുത്) | 66.25 |
| 20 | തടി റാക്ക് (ചെറുത്) | 50 |
| 21 | തടി റാക്ക് (വലുത്) | 82.5 |
| 22 | ബെഞ്ച് | 8.75 |
| 23 | ഡസ്ക്. | 26.25 |
| 24 | ടി. വി. സ്റ്റാൻഡ് (ചെറുത്) | 31.25 |
| 25 | ടി. വി. സ്റ്റാൻഡ് (വലുത്) | 43.75 |
| 26 | ഡൈനിംഗ് ടേബിൾ ചെറുത് (നാലുപേർക്ക്) | 82.5 |

ജില്ലാ ലേബർ ഓഫീസർ
കോട്ടയം

| | | |
|---|---|---|
| 27 | ഡൈനിംഗ് ടേബിൾ മീഡിയം(ആറുപേർക്ക്) | 100 |
| 28 | ഡൈനിംഗ് ടേബിൾ വലുത് (എട്ടുപേർക്ക്) | 125 |
| 29 | സ്റ്റൂൾ - തടി | 8.75 |
| 30 | സ്റ്റൂൾ - പ്ലാസ്റ്റിക് | 1.43 |
| 31 | ടീപ്പോയ് (ചെറുത്) | 8 12 |
| 32 | ടീപ്പോയ് (വലുത്) | 17.5 |
| 33 | ഫ്രിഡ്ജ് (സ്റ്റെബിലൈസർ സ്റ്റാൻഡ് ഉൾപ്പെടെ) ചെറുത് 150 ലിറ്റർ | 100 |
| 34 | ഫ്രിഡ്ജ് (സ്റ്റെബിലൈസർ സ്റ്റാൻഡ് ഉൾപ്പെടെ) വലുത് 175 ലിറ്റർ | 112.5 |
| 35 | ഫ്രിഡ്ജ് (സ്റ്റെബിലൈസർ സ്റ്റാൻഡ് ഉൾപ്പെടെ) വലുത് 250-300 ലിറ്റർ | 131.25 |
| .36 | ടി.വി. (ഓർഡിനറി) | 41.25 |
| 37 | ടി.വി. (എൽ.സി.ഡി) 14-24 ഇഞ്ച് | 25 |
| 38 | ടി.വി. (എൽ.സി.ഡി) 24-32 ഇഞ്ച് | 40 |
| 39 | ടി.വി. (എൽ.സി.ഡി) 32" മുകളിൽ | 56.25 |
| 40 | സ്റ്റാന്റ് | 8.75 |
| 41 | വാഷിംഗ് മെഷിൻ (5 കി. ഗ്രാം വരെ) | 75 |
| 42 | വാഷിംഗ് മെഷിൻ (5 കി. ഗ്രാം മുകളിൽ) | 100 |
| 43 | ഗ്രൈന്റർ (ടേബിൾ ടോപ്പ്) | 26.25 |
| 44 | ഗ്രൈന്റർ 5 ലിറ്റർ വരെ | 43.75 |
| 45 | ഗ്രൈന്റർ 5 ലിറ്റർ- 10 ലിറ്റർ വരെ | 93.75 |
| 46 | ഗ്രൈന്റർ 10 ലിറ്റർ മുകളിൽ | 125 |
| 47 | കമ്പ്യൂട്ടർ | 18.75 |
| 48 | ടൈപ്പ് റൈറ്റർ | 17.5 |
| 49 | യു.പി.എസ്. (ചെറുത്) | 32.5 |
| 50 | യു.പി.എസ്. (വലുത്) | 66.25 |
| 51 | ഫോട്ടോ കോപ്പി മെഷിൻ (ചെറുത്) സ്റ്റാന്റ് ഇല്ലാതെ | 50 |
| 52 | ഫോട്ടോ കോപ്പി മെഷിൻ (ചെറുത്) സ്റ്റാന്റോടു കൂടി | 100 |
| 53 | ഡ്യൂപ്ലിക്കേറ്റിംഗ് മെഷിൻ | 31.25 |
| 54 | ഫാക്സ് മെഷിൻ | 18.75 |

ജില്ലാ ലേബർ ഓഫീസർ
കോട്ടയം

| | | |
|---|---|---|
| 55 | ... കെട്ടുകൾ (വീട്ടുപകരണങ്ങൾ / ബോക്സ് /ഫയൽ അടങ്ങുന്നവ 50 കി. വരെ) | 21.25 |
| 56 | ചാക്ക് കെട്ടുകൾ (വീട്ടുപകരണങ്ങൾ / ബോക്സ് /ഫയൽ അടങ്ങുന്നവ 50 കി. മുകളിൽ) | 31.25 |
| 57 | എയർ കണ്ടീഷണർ വിൻഡോ | 132.5 |
| 58 | എയർ കണ്ടീഷണർ സ്പ്ലിറ്റ് | 100 |
| 59 | സോഫാ സെറ്റ് (വലുത്) 3+2 സീറ്റ് | 100 |
| 60 | സോഫാ സെറ്റ് (മീഡിയം) 2 സീറ്റ് | 56.25 |
| 61 | സോഫാ സെറ്റ് (സിംഗിൾ) | 25 |
| 62 | ബുക്ക് ഷെൽഫ് (വലുത്) | 82.5 |
| 63 | ബുക്ക് ഷെൽഫ് (ചെറുത്) | 57.5 |
| 64 | ടേബിൾ ഫാൻ | 8.75 |
| 65 | സീലിംഗ് ഫാൻ | 8.75 |
| 66 | കട്ടിൽ (സിംഗിൾ) | 32.5 |
| 67 | കട്ടിൽ (ഡബിൾ) | 50 |
| 68 | ഫാമിലി കോട്ട് | 66.25 |
| 69 | മെത്ത (1എണ്ണം) | 17.5 |
| 70 | ബാറ്ററി (ചെറുത്) | 8.75 |
| 71 | ബാറ്ററി (വലുത്) | 17.5 |
| 72 | തയ്യൽ മെഷീൻ | 32.5 |
| 73 | പെട്ടി (തടി, സ്റ്റീൽ) | 8.75 |
| 74 | നോട്ടീസ് ബോർഡ് (വലുത്) | 26.25 |
| 75 | നോട്ടീസ് ബോർഡ് (ചെറുത്) | 17.5 |
| 76 | സൈക്കിൾ | 18.75 |
| 77 | ബോഡി എക്സർസൈസർ, ട്രെഡ്മിൽ, സൈക്കിൾ മുതലായവ മെഷീൻ 1ന് 50. കി.ഗ്രാം വരെ | 66.25 |
| 78 | ബോഡി എക്സർസൈസർ, ട്രെഡ്മിൽ, സൈക്കിൾ മുതലായവ മെഷീൻ 1ന് 50. കി.ഗ്രാം - 100 കിഗ്രാം വരെ | 132.5 |

ജില്ലാ ലേബർ ഓഫീസർ
കോട്ടയം